മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: ചില പുസ്തകങ്ങളുടെ കാലാവധി നീട്ടി കൊടുത്തിട്ടുണ്ടെന്നു് കാണുന്നുണ്ടു്. ആ പുസ്തകങ്ങളെങ്കിലും ശരിയായിട്ടു് വിതരണം ചെയ്യാൻ ഗവർമ്മെണ്ടു് വിചാരിച്ചാൽ സാധിക്കുമോ?

Mr. K. balakrishna Menon *(Minister for Food and Edueation):* We are trying our best.

മിസ്റ്റർ പി. ആർ. കൃഷ്ണനെഴുത്തച്ഛൻ: School Final ക്ലാസ്സിലേക്കുള്ള സംസ്കൃത text book എവിടെനിന്നാണു് വരുന്നതെന്നറിയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അറബി Teachers-നു് പ്രത്യേകം പരീക്ഷ വെച്ചിട്ടുള്ളതിനു് പുറമെ പുസ്തകങ്ങളും prescribe ചെയ്തിട്ടുണ്ടു്. ആ പുസ്തകങ്ങളും വിലക്കു കിട്ടുന്നതാണോ എന്നു് ആലോചിച്ചിട്ടാണോ prescribe ചെയ്തിട്ടുള്ളതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ. അന്വേഷിക്കാം.

PERINGALKUTHU HYDRO-ELECTRIC SCHEME—CHECK—MEASUREMENT BY THE EXECUTIVE ENGINEER—PARTICULARS OF

28. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) പെരിങ്ങൽക്കുത്തു വൈദ്യുതപദ്ധതി സംബന്ധിച്ചു് വഴി വെട്ടിതെളിച്ചതിൻറെ പണി ചീഫ് എഞ്ചിനീയർ ചെക്കുമെഷർ ചെയ്തു ശരിയാക്കീട്ടില്ലെന്നു് അദ്ദേഹത്തിൻറെ കീഴുദ്യോഗസ്ഥനായ എക്സിക്യൂട്ടീവു് എഞ്ചിനീയർ ഗവർമ്മെണ്ടിലേക്കു് പരാതി എഴുതി അയച്ചിട്ടുണ്ടെന്നു പത്രങ്ങളിൽ കാണുന്ന വാർത്ത ശരിയാണോ;

(ബി) ശരിയാണെങ്കിൽ ആ റിപ്പോർട്ടിൻറെ പകർപ്പു് മേശപ്പുറത്തു വെക്കുമോ;

(സി) ചീഫ് എഞ്ചിനീയർ ചെക്കുമെഷർ ചെയ്ത പണിയുടെ ചെക്കുമെഷർ വേറെ രാളെക്കൊണ്ടു് ചെക്കുമെഷർ ചെയ്യിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി ഗവർമ്മെണ്ടു് ചീഫ് എഞ്ചിനീയരെ അറിയിച്ചിട്ടുണ്ടോ?

റവന്യൂമന്ത്രി ടി. കെ. നായർ:

(എ) അതെ.

(ബി) ആ റിപ്പോർട്ടിന്നു് ഇപ്പോൾ പ്രസിദ്ധീകരിക്കുവാൻ നിവൃത്തിയില്ല.

(സി) ഉവ്വു്.

REMOVING CONTROL ON FOOD AND CLOTHING—STATEMENT BY MINISTER FOR FOOD AND EDUCATION

286. Mr. M. K. Raja *(Mulakunnathukavu)*: Will Government be pleased to state.—

(*a*) is it a fact that the Minister for Food and Education, soon after his assumption of Office, publicly expressed himself in favour of removing all controls on food and clothing in the state;

(*b*) if so, whether that view represents the view of the Government on the matter, or only the personal opinion of the Minister;

(*c*) if the Government do not share the views of the Minister, what is the position of this Covernment in regard to this subject?

Mr. K. Balakrishna Menon *(Minister for Food and Education)*:

(*a*) No.

(*b*) Does not arise.

(*c*) Does not arise.

Mr. M. K. Raja *(Mulakunnathukavu)*: Will the Hon'ble Minister be pleased to state what the position of the Government is with regard to this matter?

Mr. K. Balakrishna Menon *(Minister for Food and Education)*: Even with regard to the first answer, I might say that there was one press conference in which I said except on rice, wheat and kerosene, it was my idea, as well as the idea of the Government, to remove control and not on all articles. There was no idea of taking away all controls on all articles.

Mr. M. K. Raja *(Mulakunnathukavu)*: So, are we to understand that in regard to certain articles the Government's position is that all controls should be removed?

Mr. K. Balakrishna Menon *(Minister for Food and Education)*: Certainly.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: അരി, ഗോതമ്പു്, മണ്ണെണ്ണ ഇവയൊഴിച്ചു് ബാക്കിയുള്ളവയുടെ കൺട്രോൾ എടുത്തുകളയുമെന്നു് പറഞ്ഞിരുന്നു. അതൊക്കെ ഇ

LIBRARY ARCHIVES Kerala Legislative Assembly